# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ
## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

---

**(പ്രസിദ്ധീകരണത്തിന്)** **25.02.2018**

**(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)**

### ഗാന്ധി രക്തസാക്ഷിത്വത്തിന്റെ 70–ാം വാർഷിക പരിപാടികൾ വിജയിപ്പിക്കുക

അസഹിഷ്ണുതയും അക്രമണോത്സുകതയും സാമുഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സാംക്രമിക രോഗം പോലെ പടരുന്ന സവിശേഷമായൊരു രാഷ്ട്രീയ സാഹചര്യത്തിലാണ് മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70–ാം വാർഷികം കടന്നുപോകുന്നത്. ധബോൽക്കർ മുതൽ ഗൗരിലങ്കേഷ് വരെ നിഷ്ഠൂരമായി വധിക്കപ്പെട്ടും. എഴുത്തുകാരും കലാകാരന്മാരും വേട്ടയാടപ്പെടുന്നു. പശുവിന്റെ പേരിൽ നരഹത്യ തുടർച്ചയാകുന്നു. 1948 ജനുവരി 30 നാണ് ഹിന്ദു വർഗ്ഗീയ വാദികൾ മഹാത്മാഗാന്ധിയുടെ നെഞ്ചിലേക്ക് നിറയൊഴിച്ചത്. ഹിന്ദുക്കളും മുസ്ലീങ്ങളും ഒരു രാഷ്ട്രമാണെന്നും ഹിന്ദു–മുസ്ലീം മൈത്രിയില്ലാതെ സ്വരാജ് സാധ്യമല്ലെന്നും വിശ്വസിച്ച ഗാന്ധിജി എന്നും ഹിന്ദുത്വവാദികളുടെ ശത്രുവായിരുന്നു. മതമല്ല, രാഷ്ട്രത്തിന്റേയും ദേശീയതയുടേയും അടിസ്ഥാനമെന്ന് വാദിച്ച ഗാന്ധിജിയെ ഹിന്ദുവർഗ്ഗീയ വാദികളും മുസ്ലീം വർഗ്ഗീയവാദികളും ഒരുപോലെ എതിർത്തു. ഹിന്ദു മഹാസഭയും ആർ.എസ്.എസ്സും രഹസ്യമായും പരസ്യമായും നടത്തിയ ആസൂത്രിത നീക്കങ്ങളുടെ തുടർച്ചയാണ് മഹാത്മാഗാന്ധി വധിക്കപ്പെടുന്നത്. വർഗ്ഗീയമായി രാജ്യം വിഭജിക്കപ്പെടുകയും ലക്ഷോപലക്ഷം നിരപരാധികൾ വർഗ്ഗീയ കലാപങ്ങളിൽ കൊല ചെയ്യപ്പെടുകയും ചെയ്തപ്പോഴാണ് ഗാന്ധി സമാധാനത്തിന്റെ സന്ദേശവാഹകനായി വർഗ്ഗീയത ചോരപ്പുഴ സൃഷ്ടിച്ച നവഖാലിയിലൂടെ നടന്നുനീങ്ങിയത്. യുധിഷ്ഠരന്റെ ധർമ്മബോധവും പാണ്ഡവരുടെ ക്ഷമാശീലവും പാക്സ്ഥാനിലേയും ഇന്ത്യയിലേയും മുസ്ലീങ്ങൾ തന്റെ സഹോദരങ്ങളാണെന്നും വിശ്വസിക്കുന്ന ഒരു സനാതന ഹിന്ദുവായ ഈ ഗാന്ധി നിങ്ങൾക്കിടയിൽ ജീവിക്കുന്നത് അത്രവലിയ അപരാധമാണോയെന്ന് ഗാന്ധിജി ചോദിച്ചത്. തന്നെ ലക്ഷ്യം വെച്ചു നീങ്ങുന്ന വർഗ്ഗീയ വാദികളുടെ ഭീഷണികൾ മുന്നിൽ കണ്ടുകൊണ്ടായിരുന്നു.

ഹിന്ദു രാഷ്ട്ര നിർമ്മിതിക്ക് തടസ്സം നിൽക്കുന്ന മഹാത്മാവിനെ ഇല്ലാതാക്കുക എന്നതായിരുന്നു ഗാന്ധിഘാതകരിൽ ഏൽപ്പിച്ച ദൗത്യം. ഹിന്ദുത്വവാദികളുടെ പ്രസിദ്ധീകരണങ്ങളായ കേസരി മുതൽ ഹിന്ദുരാഷ്ട്രങ്ങൾ വരെയുള്ള പത്രങ്ങൾ നടത്തിയ ഹീനവും ക്ഷുദ്രവികാരങ്ങൾ ഉണർത്തുന്നതുമായ പ്രചാരണങ്ങളാണ് ഗോഡ്സെയും നാരായണ ആപ്തേയും ഉൾപ്പെടെയുള്ള മതഭ്രാന്തന്മാരെ ഗാന്ധിവധമെന്ന മഹാപാതകത്തിലേക്ക് എത്തിച്ചത്. ഹിന്ദു ജനതയുടേയും ഹിന്ദു രാഷ്ട്രത്തിന്റേയും താത്പര്യമായിരുന്നു ഗാന്ധിവധമെന്നും, ആ കൃത്യം നിർവ്വഹിച്ചവർ ദേശീയ പുരുഷന്മാർ ആണെന്നുമുള്ള നിലപാടാണ് ഹിന്ദുമഹാസഭയ്ക്കും ആർ.എസ്.എസ്സിനുമുള്ളത്.

ഗോഡ്സെയെ തൂക്കിക്കൊന്ന ദിനം ധീരദിനമായി ആചരിക്കുന്ന ഹിന്ദുത്വവാദികൾ തന്നെയാണ് ഗാന്ധിവധത്തിൽ തങ്ങൾക്ക് പങ്കില്ലെന്ന് ആവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഹിന്ദുത്വവാദികളുടേയും ആർ.എസ്.എസ്സിന്റേയും കാപട്യത്തെ തുറന്നു കാണിക്കേണ്ടതുണ്ട്. ചരിത്രത്തിൽ എല്ലാ ഫാസിസ്റ്റ് സംഘടനകളും ഇരട്ട നാക്കുകൊണ്ടാണ് സംസാരിച്ചിട്ടുള്ളത്. 1964 നവംബർ 12 ന് ഗാന്ധി വധക്കേസിൽ ജീവപര്യന്തം ശിക്ഷ അനുഭവിച്ച് ജയിൽ മോചിതരായവർക്ക് പൂനെയിൽ ഏർപ്പെടുത്തിയ സ്വീകരണയോഗത്തിലെ ലജ്ജാജനകമായ വെളിപ്പെടുത്തലുകളുടെയാണ് ഗാന്ധിവധം അന്വേഷിക്കാൻ ജസ്റ്റിസ് ജീവൻലാൽ കമ്മീഷൻ നിയോഗിക്കപ്പെട്ടത്. 48 ൽ ഗാന്ധിവധം അന്വേഷിച്ച ദില്ലി പോലീസും ഗൂഢാലോചന അന്വേഷിച്ച ബോംബെ പോലീസും മഹാത്മാവിന്റെ വധത്തിൽ ഹിന്ദുത്വവാദികൾക്കുള്ള അനിഷേധ്യമായ പങ്കിലേക്ക് വിരൽ ചൂണ്ടിയിട്ടുണ്ട്. നാഥുറാം വിനായ്ക് ഗോഡ്സെ ആർ.എസ്.എസ് പ്രവർത്തകനായിരുന്നുവെന്ന കാര്യം ഗാന്ധി വധത്തിൽ ശിക്ഷിക്കപ്പെട്ട ഗോഡ്സെയുടെ സഹോദരൻ ഗോപാൽ ഗോഡ്സെ തന്നെ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ്.

എതിർക്കുന്നവരേയും വിമർശിക്കുന്നവരേയും ശാരീരികമായി തന്നെ ഇല്ലാതാക്കുന്ന തങ്ങൾക്ക് അനഭ്യമതരായ ജനവിഭാഗങ്ങളേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും രാജ്യദ്രോഹികളായി മുദ്രകുത്തി വേട്ടയാടുന്ന ഫാസിസ്റ്റ് ഹീനതകൾക്കെതിരായ സാംസ്കാരിക പ്രതിരോധമായി ഗാന്ധി രക്തസാക്ഷി അനുസ്മരണ പരിപാടികളെ മാറ്റണം.

സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന അനുമസ്മരണ പരിപാടികളാണ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. അക്കാദമികളും ലൈബ്രറി കൗൺസിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുള്ള വിപുലമായ അനുസ്മരണ പരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗാന്ധിവധത്തിൽ 70–ാം വാർഷിക പരിപാടികൾ മതനിരപേക്ഷതയും ജനാധിപത്യവും രാജ്യത്തിന്റെ ദേശീയതയും ബഹുസ്വരതയും സംരക്ഷിക്കാനുള്ള ഇടപെടലായി മാറണം.

* * *